പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 41 — 02.12.2014-ൽ മറുപടിക്ക്

## റെയിൽവേ വികസനത്തിൽ സംസ്ഥാന പങ്കാളിത്തം

**ചോദ്യം**

ശ്രീ. പി.കെ. ഗുരുദാസൻ :
" വി. ശിവൻകുട്ടി :
" സാജു പോൾ :
" ബാബു എം. പാലിശ്ശേരി :

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | റെയിൽവേ വികസനത്തിൽ സംസ്ഥാനം കൂടി പങ്കാളിത്തം വഹിക്കണമെന്ന കേന്ദ്രത്തിന്റെ നിർദ്ദേശത്തോട് സംസ്ഥാനത്തിന്റെ നിലപാട് എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണ ചെലവിന്റെ 50%-വും കുമ്പളം - തുറവൂർ, എറണാകുളം - കുമ്പളം എന്നീ സ്ട്രച്ചുകളിലെ പാത ഇരട്ടിപ്പിക്കലിനുള്ള ഭൂമി പൂർണ്ണമായും സൗജന്യമായി ഏറ്റെടുത്ത് റെയിൽവേക്ക് നൽകുന്നതോടൊപ്പം ആയതിന്റെ നിർമ്മാണ ചെലവിന്റെ 50%-നവും കൂടി സംസ്ഥാന സർക്കാർ വഹിക്കണമെന്ന് റെയിൽവേ ബോർഡ് നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ സംസ്ഥാന സർക്കാരിന്റെ പ്രത്യേക സാമ്പത്തിക പരിതസ്ഥിതി പരിഗണിച്ച് പദ്ധതി ചെലവുകളുടെ 50%-നം വഹിക്കാനോ, ഭൂമി പൂർണ്ണമായും സൗജന്യമായി ഏറ്റെടുത്ത് നൽകുവാനോ, കഴിയുകയില്ലായെന്ന് കേന്ദ്ര സർക്കാരിനേയും റെയിൽവേ ബോർഡിനേയും അറിയിച്ചിട്ടുണ്ട്.<br><br>കുമ്പളം - തുറവൂർ, എറണാകുളം - കുമ്പളം പാതകൾ ഇരട്ടിപ്പിക്കലോ അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ കാലടിക്കുശേഷമുള്ളതുമായ ഭൂമി ഏറ്റെടുക്കലോ നിർമ്മാണ പ്രവർത്തികളോ റെയിൽവേ ബോർഡിന്റെ മേൽ നയം കാരണം തുടരാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | ഇക്കാര്യത്തിൽ സംസ്ഥാനം സ്വീകരിച്ച നിലപാടിന്റെ ഭാഗമായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തിന്റെ സാമ്പത്തിക സഹകരണത്തോടെ നടപ്പാക്കാനുദ്ദേശിച്ച റെയിൽവേ വികസന പദ്ധതികൾ ഏതൊക്കെയായിരുന്നു; | (സി) യും (ഡി) യും | 2013-14-ൽ കൊച്ചുവേളിയിൽ കോച്ച് റിപ്പയർ ആന്റ് മെയിന്റനൻസ് സെന്റർ സംസ്ഥാനത്തിന്റെ പങ്കാളിത്തത്തോടെ സ്ഥാപിക്കാൻ 5 കോടി രൂപയും എറണാകുളം ടൗൺ, തൃശ്ശൂർ, കൊല്ലം, കോഴിക്കോട് കോട്ടയം റെയിൽവേസ്റ്റേഷനുകളിലെ സൗകര്യ വികസനങ്ങൾക്കായി 10 കോടി രൂപയും ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. അതിൽ ടി റെയിൽവേ സ്റ്റേഷനുകളിലെ വികസന പ്രവൃത്തികൾക്കായി റെയിൽവേ സമർപ്പിച്ച എസ്റ്റിമേറ്റിനനുസരിച്ച് റെയിൽവേക്ക് 9,97,12,367/- (ഒൻപത് കോടി തൊണ്ണൂറ്റി ഏഴ് ലക്ഷത്തി പന്ത്രണ്ടായിരത്തി മുന്നൂറ്റി അറുപത്തി ഏഴ് രൂപ മാത്രം) സംസ്ഥാന സർക്കാർ നൽകുകയും ചെയ്തിട്ടുണ്ട്. റെയിൽവേ താമസംവിനാ പണികൾ പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>ശബരി റെയിൽവേക്കായി സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. |
| (ഡി) | കൊച്ചുവേളിയിലെ കോച്ച് റിപ്പയർ ആന്റ് മെയിന്റനൻസ് കേന്ദ്രം, പ്രമുഖ സ്റ്റേഷനുകളുടെ വികസനം, ശബരി റെയിൽപാത നിർമ്മാണം എന്നിവയ്ക്ക് 2013-14-ലെ സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക ചെലവഴിച്ചിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ